

# Criterion VII

# Institutional Values and Best Practices

RCMAS

RAJAGIRI COLLEGE OF MANAGEMENT & APPLIED SCIENCES

## RAJAGIRI COLLEGE OF MANAGEMENT AND APPLIED SCIENCES


RAJAGIRI VALLEY P.O, KAKKANAD, KERALA 682039


An ISO 9001 : 2015 Certified Institution

Affiliated to Mahatma Gandhi University, Kottayam and Approved by AICTE

## 7.1 Institutional Values and Social Responsibilities

### 7.1.2

### Concessions for Divyangjan Students in University Examinations

Submitted to

NAAC

NATIONAL ASSESSMENT AND ACCREDITATION COUNCIL

Draft #18 of File 1064/AC A1/2/2019/REG SECT Approved by ASSISTANT REGISTRAR III (ACADEMIC) on 19-May-2023 02:01 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

<u>സംഗ്രഹം</u>

ഭിന്നശേഷി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് സർവ്വകലാശാല പരീക്ഷകളിൽ നൽകാവുന്ന ആനുകൂല്യങ്ങൾ ക്രോഡീകരിച്ചുകൊണ്ടുള്ള സർവ്വകലാശാല ഉത്തരവ് നം. 7396/AC A1/2022/എം.ജി.യു തീയതി 11.07.2022 ൽ ആവശ്യമായ മാറ്റങ്ങൾ സംബന്ധിച്ചുള്ള ശിപാർശകളിന്മേൽ ബിഹേവിയറൽ സയൻസസ് വകുപ്പ് മേധാവിയായ പ്രൊഫ. (ഡോ). പി റ്റി ബാബുരാജ് സമർപ്പിച്ച റിപ്പോർട്ട് മഹാത്മാഗാന്ധി സമർവ്വകലാശാല ആക്ട് 1985 , അദ്ധ്യായം 3, വകുപ്പ് 10(17) പ്രകാരം ബഹു: വൈസ് ചാൻസലർ അംഗീകരിച്ചത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 3 സെക്ഷൻ**

നമ്പർ. 5575/AC A 3/2023/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 19.05.2023

---

*പരാമർശം:*-1. 11.07.2022 തീയതിയിലെ സ.ഉ.നം. 7396/AC A1/2022/എം.ജി.യു
2. 17.11.2022 തീയതിയിലെ സ.ഉ.നം. 11708/AC A1/2022/എം.ജി.യു
3. 09.01.2023 തീയതിയിലെ സ.ഉ.നം. 252/CBCSS 17/2023/എം.ജി.യു
4. 13.02.2023 തീയതിയിലെ സ.ഉ.നം. 1724/EH 8(M.A)/2023/എം.ജി.യു
5. 28.04.2023 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് സ്റ്റാൻഡിംഗ് കമ്മിറ്റി - എക്സാമിനേഷൻ - യോഗ നടപടിക്രമങ്ങളുടെ ചുരുക്കം ഇനം നമ്പർ: OA 8/23.02/1064/ACA1/2/REGSECT/REG SECT

<u>ഉത്തരവ്</u>

RPWD Act, 2016 ൽ പ്രതിപാദിച്ചിട്ടുള്ള ഭിന്നശേഷി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് സർവ്വകലാശാലാ പരീക്ഷകളിൽ അനുവദിക്കുന്ന ആനുകൂല്യങ്ങൾ ക്രോഡീകരിച്ചുകൊണ്ട് പരാമർശം (1) പുറപ്പെടുവിച്ചിരുന്നു.

ടി ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുള്ള ഗ്രേസ് മാർക്ക് വിതരണം സംബന്ധിച്ച് പരീക്ഷ വിഭാഗം ഉന്നയിച്ച വിഷയങ്ങൾ ചർച്ച ചെയ്ത് പരിഹരിച്ച്, പരിഷ്കരിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ പൂർത്തീകരിക്കുന്നതിനായി പരാമർശം (2) പ്രകാരം ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നു.

St.Paul's College, Kalamassery - BSc Physics Model I (2019 Admission) വിദ്യാർത്ഥിയും Cerebral Palsy എന്ന ഭിന്ന ശേഷിയുള്ള സെബിൻ ആന്റു എന്ന വിദ്യാർത്ഥിയുടെ ഉത്തരക്കടലാസ് മൂല്യനിർണയവുമായി ബന്ധപ്പെട്ട് Physical Disability ഉള്ള വിദ്യാർത്ഥികൾക്ക് നൽകുന്ന ആനുകൂലങ്ങളുമായി ബന്ധപ്പെട്ട പരാമർശം (1) സർവ്വകലാശാല ഉത്തരവിൽ അവശ്യം വരുത്തേണ്ട

Draft #18 of File 1064/AC A1/2/2019/REG SECT Approved by ASSISTANT REGISTRAR III (ACADEMIC) on 19-May-2023 02:01 PM - Page 2

ഭേദഗതികളുടെ ഒരു ഡ്രാഫ്റ്റ് തയാറാക്കി സമർപ്പിക്കുന്നതിന് സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് വകുപ്പ് മേധാവിയായ പ്രൊഫ. (ഡോ.) പി റ്റി ബാബുരാജിനെ പരാമർശം (3) പ്രകാരം ചുമതലപ്പെടുത്തിയിരുന്നു. തുടർന്ന് 2016-2018 ബാച്ച് പ്രൈവറ്റ് രജിസ്ട്രേഷൻ എം. എ ഹിസ്റ്ററി വിദ്യാർത്ഥിയും Orthopedically handicapped by Cerebral Palsy with Spastic Quadriparesis ഭിന്നശേഷിയുള്ള ദിവ്യ രാജ് എന്ന വിദ്യാർത്ഥിനിക്ക് ഗ്രേസ് മാർക്ക് അനുവദിക്കുന്നത് സംബന്ധിച്ച വിഷയം കൂടി പരാമർശം (3) ന്റെ പരിഗണനയിലേക്ക് നൽകുന്നതിന് പരാമർശം (4) പ്രകാരം ഉത്തരവായിരുന്നു.

ഭിന്നശേഷി വിഭാഗത്തിൽ പെടുന്ന വിദ്യാർത്ഥികൾക്ക് സർവ്വകലാശാല പരീക്ഷകളിൽ നൽകാവുന്ന ആനുകൂല്യങ്ങൾ ക്രോഡീകരിച്ചുകൊണ്ടുള്ള പരാമർശം (1) പ്രകാരമുള്ള സർവ്വകലാശാല ഉത്തരവിൽ ആവശ്യമായ മാറ്റങ്ങൾ സംബന്ധിച്ച് പ്രൊഫ. (ഡോ). പി റ്റി ബാബുരാജ് സമർപ്പിച്ച ശിപാർശകൾ ചുവടെ ചേർക്കുന്നു.

1. പരീക്ഷാ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനായി RPWD Act 2016 പ്രകാരമുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് (Form **VI/VII/VIII**) / Unique Disability Identity Card/ Certificate -ന്റെ അസ്സൽ പരിശോധനയ്ക്കായി സർവ്വകലാശാലയിൽ സമർപ്പിക്കേണ്ടതാണ്.

2. Extra time അനുവദിക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് **ഒരു മണിക്കൂറിന് പരമാവധി 20 മിനിറ്റ് എന്ന നിരക്കിൽ** അധിക സമയം അനുവദിക്കുന്നതാണ്.

3. RPWD Act 2016 ൽ പരാമർശിച്ചിരിക്കുന്ന ഭിന്നശേഷി വിഭാഗത്തിൽപ്പെടുന്ന എല്ലാ വിദ്യാർത്ഥികൾക്കും സർവ്വകലാശാല പരീക്ഷകളിൽ Content Based Evaluation എന്ന പരീക്ഷാ ആനുകൂല്യം അനുവദിക്കുന്നതാണ്.

4. ഭിന്നശേഷി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് അനുവദിച്ചിരിക്കുന്ന ആനുകൂല്യങ്ങൾ ഉപയോഗപ്പെടുത്തുന്ന വിദ്യാർത്ഥികളുടെ **ഉത്തരക്കടലാസുകൾ പ്രത്യേകമായി പാക്ക് ചെയ്ത് സൂപ്പർ സ്ക്രൈബ് ചെയ്ത് കോളേജിൽ/പരീക്ഷ കേന്ദ്രത്തിൽ നിന്ന്** സർവ്വകലാശാലയിലേയ്ക്ക് നൽകേണ്ടതാണ്. ടി ഉത്തരക്കടലാസുകൾ Chief Examiner മൂല്യ നിർണയം നടത്തേണ്ടതാണ്. The Chief Superintendents shall write **Differently Abled Candidate** in bold letters on the top of facing sheet of the answer scripts of Differently Abled Candidate at the commencement of each examination and shall forward the answer scripts of Differently Abled Candidates to the University in separate covers with the superscription **Differently Abled Candidate,** after each day's examination.

5. ഭിന്നശേഷി വിഭാഗങ്ങൾക്ക് അനുവദിക്കാവുന്ന **പരമാവധി ഗ്രേസ് മാർക്ക് 30 %** (30% of maximum marks/ 30% of maximum Grade Points **for all theory exams in a year. i.e, maximum**

Draft #18 of File 1064/AC A1/2/2019/REG SECT Approved by ASSISTANT REGISTRAR III (ACADEMIC) on 19-May-2023 02:01 PM - Page 3

permissible grace mark for special concession 25% + Other activities for which GM is allowed 5%) ആയി നിജപ്പെടുത്താവുന്നതാണ്.

6. അധ്യയന വർഷത്തിന്റെ ആരംഭത്തിൽ തന്നെ ബന്ധപ്പെട്ട കോളേജ് പ്രിൻസിപ്പൽമാർ സ്ക്രൈബ് ആയി ഉപയോഗപ്പെടുത്താവുന്ന വിദ്യാർത്ഥികളുടെ പാനൽ തയ്യാറാക്കേണ്ടതാണ്. **ഭിന്നശേഷി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥിയ്ക്ക്, തൊട്ടു താഴെയുള്ള ജൂനിയർ ബാച്ചിൽ പഠിക്കുന്ന വിദ്യാർഥികളെ സ്ക്രൈബ്** ആയി ഉപയോഗപ്പെടുത്താവുന്നതാണ്. ഒന്നാം വർഷ ബിരുദ വിദ്യാർത്ഥികൾക്ക്, പത്താം ക്ലാസ് പാസ്സായവരും ബിരുദ പ്രവേശനം നേടാത്തവരുമായ വിദ്യാർത്ഥികളെ സ്ക്രൈബ് ആയി ഉപയോഗപ്പെടുത്താവുന്നതാണ്.

7. സ്വന്തമായി സ്ക്രൈബിനെ ലഭ്യമാക്കുന്ന, Severe Intellectual Disability, Severe Mental Illness, Severe Multiple Disabilities including Deaf-Blindness, Down Syndrome എന്നീ ഭിന്നശേഷി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾ, GOVT. of India, Ministry of Social Justice and Empowerment മന്ത്രാലയത്തിന്റെ ഓഫീസ് മെമ്മോറാണ്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന രീതിയിലുള്ള **അണ്ടർ ടേക്കിങ്** ഹാജരാക്കേണ്ടതാണ് (ഉള്ളടക്കം 1).

8. RPWD Act 2016 പ്രകാരമുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് (Form VI/VII/VIII)/ Unique Disability Identity Card/Certificate ഹാജരാക്കുന്ന പക്ഷം Cochlear implant/ മറ്റ് ഹിയറിങ് എയ്ഡ് കൾ ഉപയോഗിക്കുന്ന വിഭാഗത്തെ, Hearing Impairment എന്ന വിഭാഗത്തിൽ ഉൾപ്പെടുത്താവുന്നതാണ്. Hearing Impairment വിഭാഗത്തിൽ പെടുന്ന വിദ്യാർത്ഥികൾ മെഡിക്കൽ സർട്ടിഫിക്കറ്റും അനുബന്ധിച്ചിരിക്കുന്ന അഫിഡവിറ്റും ഹാജരാക്കുന്ന പക്ഷം, പരീക്ഷാ ഹാളിൽ Hearing aid ഉപയോഗിക്കുന്നതിനുള്ള അനുമതി നൽകാവുന്നതാണ്. (ഉള്ളടക്കം 2)

9. Intellectual Disability വിഭാഗത്തിൽ ഉൾപ്പെടുന്ന **Specific Learning Disability** വിഭാഗത്തിന് ഭിന്നശേഷിയുടെ തോതനുസരിച്ച് സർവ്വകലാശാലാപരീക്ഷകളിൽ ഗ്രേസ് മാർക്ക് അനുവദിക്കാവുന്നതാണ്.

10. **IQ Level 20 നും 84 നും** ഇടയിലുള്ള വിഭാഗത്തെ Intellectual Disability വിഭാഗത്തിൽ ഉൾപ്പെടുത്തി പരീക്ഷാ ആനുകൂല്യങ്ങളും, 25 % ഗ്രേസ് മാർക്കും(25% of maximum marks/ 25% of maximum Grade Points **for all theory exams in a year)** അനുവദിക്കാവുന്നതാണ്.

11. Mental Illness- **Severe** വിഭാഗത്തിന് 25 % ഗ്രേസ് മാർക്ക് (25% of maximum marks/ 25% of maximum Grade Points **for all theory exams in a year)** അനുവദിക്കാവുന്നതാണ്.

12. **Wilson's disease** ബാധിതരായ വിദ്യാർത്ഥികളെ Disability caused due to Blood disorder എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിക്കൊണ്ട് പരീക്ഷാ ആനുകൂല്യങ്ങളും, 25% ഗ്രേസ് മാർക്കും (25%

of maximum marks/ 25% of maximum Grade Points **for all theory exams in a year**) അനുവദിക്കാവുന്നതാണ്.

13. **Down Syndrome** എന്ന ഭിന്നശേഷി വിഭാഗത്തെ Multiple Disabilities including deaf-blindness എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിക്കൊണ്ട് പരീക്ഷാ ആനുകൂല്യങ്ങളും, ഗ്രേസ് മാർക്കും അനുവദിക്കാവുന്നതാണ്.

14. Multiple Disabilities including Deaf-Blindness, Down Syndrome എന്ന വിഭാഗങ്ങൾക്ക് **രണ്ടാം ഭാഷ എഴുതേണ്ടതില്ല** എന്ന് തീരുമാനിക്കാവുന്നതാണ്. **ഐ.റ്റി സെൽ ആയതിൻ പ്രകാരം സോഫ്റ്റ് വെയർ തയ്യാറാക്കേണ്ടതാണ്.**

15. U.O No. 7396/ACA1/2022/MGU തീയതി. 11.07.2022 -ൽ ഉൾപ്പെടുത്തിയിട്ടുള്ള Note 12 ചുവടെ ചേർക്കും വിധം പരിഷ്കരിക്കാവുന്നതാണ്.
"Paper wise distribution shall be followed and grace marks/grace grade points shall be awarded to a candidate if he/she secures a minimum 5% of the maximum mark/maximum grade point of the ESA of the course. In the case of a private registered differently abled candidate who secures a combined (External and Internal) minimum of 5% of maximum mark/grade point for the course will be eligible for grace mark in the examination.

16.വിവിധ ഭിന്നശേഷി വിഭാഗങ്ങൾക്ക് മേല്പറഞ്ഞ ശിപാർശകൾ പ്രകാരം ചുവടെ ചേർക്കും വിധം **ഗ്രേസ് മാർക്ക്** അനുവദിക്കാവുന്നതാണ്.

1A. PHYSICAL DISABILITY : Locomotor Disability, Leprosy Cured Persons, Dwarfism, Muscular Dystrophy, Acid attack victims, Cerebral Palsy, Blindness, Low Vision, Speech and Language disability

(Distribution of Grace Marks/ Grace Grade Points)

| Sl.No. | Disability in percentage | Percentage of Grace Marks/Grace Grade Points to be awarded |
|---|---|---|
| 1. | 40% ≤ 64.9% | 10% of maximum marks/ 10% of maximum Grade Points **for all theory exams in a year** |
| 2. | 65% ≤ 80.9 % | 20% of maximum marks/ 20% of maximum Grade Points **for all theory exams in a year** |
| 3 | 81% and above | 25% of maximum marks/ 25% of maximum Grade Points **for all theory exams in a year** |

Draft #18 of File 1064/AC A1/2/2019/REG SECT Approved by ASSISTANT REGISTRAR III (ACADEMIC) on 19-May-2023 02:01 PM - Page 4

Draft #18 of File 1064/AC A1/2/2019/REG SECT Approved by ASSISTANT REGISTRAR III (ACADEMIC) on 19-May-2023 02:01 PM - Page 5

1B. PHYSICAL DISABILITY - Hearing Impairment(Deaf and Hard of Hearing)

(Distribution of Grace Marks/ Grace Grade Points)

| Sl.No. | Disability in percentage | Percentage of Grace Marks/Grace Grades Points to be awarded |
|---|---|---|
| 1 | Deaf-Candidates having 40% and above | 25% of maximum marks/ 25% of maximum Grade Points **for all theory exams in a year** |
| | Hard of Hearing | |
| 1 | Candidates having 40%≤64.9% | 10% of maximum marks/ 10% of maximum Grade Points **for all theory exams in a year** |
| 2 | Candidates having 65% ≤ 80.9% | 20% of Grace Marks of maximum marks/ 20% of maximum Grade Points **for all theory exams in a year** |
| 3 | Candidates having 81% and above | 25% of maximum marks/ 25% of maximum Grade Points **for all theory exams in a year** |
| Cochlear implant | | 10% of maximum marks/ 10% of maximum Grade Points **for all theory exams in a year** |

2.INTELLECTUAL DISABILITY

(Distribution of Grace Marks/ Grace Grade Points)

| | | |
|---|---|---|
| Specific Learning Disability(Candidates having 40% and above disability)<br>• Dyslexia<br>• Disgraphia<br>• Dyscalculia<br>• Dyspraxia<br>• Developmental Aphasia | Candidates having 40%≤64.9% | 10% of maximum marks/ 10% of maximum Grade Points **for all theory exams in a year** |
| | Candidates having 65% ≤ 80.9% | 20% of Grace Marks of maximum marks/ 20% of maximum Grade Points **for all theory exams in a year** |
| | Candidates having 81% and above | 25% of maximum marks/ 25% of maximum Grade Points **for all theory exams in a year** |

Draft #18 of File 1064/AC A1/2/2019/REG SECT Approved by ASSISTANT REGISTRAR III (ACADEMIC) on 19-May-2023 02:01 PM - Page 6

| | | |
|---|---|---|
| | above | |
| (Candidates having 40% and above disability)<br>• Autism Spectrum Disorder | | 25% of maximum marks/ 25% of maximum Grade Points **for all theory exams in a year** |
| **Intellectual Disability/ Mental Retardation**<br>**(Mild/ Moderate/ Severe/ Profound/ Above 40% disability / Borderline Intelligence/ IQ Level 20-84)** | 25% of maximum marks/ 25% of maximum Grade Points **for all theory exams in a year** | |
| If the medical certificate of an Intellectually Disabled candidate contains the remark, **Likely to improve/ Reassessment needed, valid upto certain period,** then such candidates are eligible for Grace Marks/Grace Grade Points upto the period mentioned in the Medical Certificate/ till the validity of the Medical Certificate. | | |

3.MENTAL ILLNESS (Mental Behaviour)(Candidates having 40% and above disability)

Grace Marks/Grace Grade Points shall be granted based on the classification in the Medical Certificate from approved Medical Board, preferably in Form VI/VII/VIII, RPWD ACT 2016/UDID.

(Distribution of Grace Marks/ Grace Grade Points)

| | |
|---|---|
| Mild | 10% of maximum marks/ 10% of maximum Grade Points **for all theory exams in a year** |
| Moderate | 15% of maximum Marks/ 15% of maximum Grade Points **for all theory exams in a** |

Draft #18 of File 1064/AC A1/2/2019/REG SECT Approved by ASSISTANT REGISTRAR III (ACADEMIC) on 19-May-2023 02:01 PM - Page 7

| | |
|---|---|
| | year. |
| Severe | 25% of maximum Marks/ 25% of maximum Grade Points **for all theory exams in a year** |

4.DISABILITY CAUSED DUE TO:

(Chronic Neurological conditions such as -Multiple Sclerosis, Parkinson's disease

Blood disorder such as- Haemophilia, Thalassemia, Sickle Cell disease,**Wilson's disease**)

(Distribution of Grace Marks / Grace Grade Points)

| (Candidates having 40% and above disability) | |
|---|---|
| Chronic Neurological conditions such as,<br>• Multiple Sclerosis<br>• Parkinson's disease<br>Blood disorder such as,<br>• Haemophilia<br>• Thalassemia<br>• Sickle Cell disease<br>• **Wilson's disease** | 25% of maximum marks/ 25% of maximum Grade Points **for all theory exams in a year** |

5.MULTIPLE DISABILITIES INCLUDING DEAF - BLINDNESS, DOWN SYNDROME

(Distribution of Grace Marks/ Grace Grade Points)

| | |
|---|---|
| Candidates having 40% and above disability | 25% of maximum marks/ 25% of maximum Grade Points **for all theory exams in a year** |

**6.Cancer Patients** ആയ വിദ്യാർത്ഥികൾക്ക്, പഠന കാലയളവിൽ ചികിൽസിക്കുന്ന ഡോക്ടർ നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ സർവ്വകലാശാല പരീക്ഷകളിൽ അധികസമയം, 10 % ഗ്രേസ് മാർക്ക്(10% of maximum marks/ 10% of maximum Grade Points **for all theory exams in a year**) എന്നീ ആനുകൂല്യങ്ങൾ അനുവദിക്കാവുന്നതാണ്.

**7.പഠനകാലയളവിൽ,** Organ Transplantation/ Organ Donation എന്നിവ നടത്തിയിട്ടുള്ള

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #18 of File 1064/AC A1/2/2019/REG SECT Approved by ASSISTANT REGISTRAR III (ACADEMIC) on 19-May-2023 02:01 PM - Page 8

വിദ്യാർത്ഥികൾക്ക്, മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ സർവ്വകലാശാല പരീക്ഷകളിൽ 10 % ഗ്രേസ് മാർക്ക്(10% of maximum marks/ 10% of maximum Grade Points **for all theory exams in a year)** അനുവദിക്കാവുന്നതാണ്.

**8.Type 1 diabetes(Juvenile diabetes)** ബാധിതരായ വിദ്യാർത്ഥികൾക്ക് പരീക്ഷാ വേളയിൽ, Type 1 diabetes(Juvenile diabetes) ബാധിതരാണെന്നുള്ള സർട്ടിഫിക്കറ്റിന്റെയോ മെഡിക്കൽ രേഖയുടെയോ അടിസ്ഥാനത്തിൽ പരീക്ഷ സമയത്ത് ഇൻസുലിൻ പമ്പ്, ഇൻസുലിൻ പെൻ, ഷുഗർ ടാബ്ലെറ്റ്, വെള്ളം ,ചോക്ലേറ്റ് കാൻഡി, പഴങ്ങൾ, സ്നാക്ക് എന്നിവ കൈവശം വയ്ക്കാവുന്നതാണ്. ടി വിദ്യാർത്ഥികൾക്ക് സർവ്വകലാശാല പരീക്ഷകളിൽ അധിക സമയം അനുവദിക്കാവുന്നതാണ്.

**9.Epilepsy** ബാധിതരായ വിദ്യാർത്ഥികൾക്ക് സർവ്വകലാശാല പരീക്ഷകളിൽ അധിക സമയം അനുവദിക്കാവുന്നതാണ്.

- St.Paul's College, Kalamassery - B.Sc Physics Model I(2019 Admission) വിദ്യാർത്ഥിയായ സെബിൻ ആന്റു, എന്നയാൾക്ക് 2019 -2022 കാലയളവിൽ ടിയാൻ എഴുതിയിട്ടുള്ള പരീക്ഷകൾക്ക് Content Based Evaluation എന്ന പരീക്ഷ ആനുകൂല്യം അനുവദിക്കാവുന്നതാണ്.
- സർവ്വകലാശാല ഉത്തരവ് നം. 7396/ACA1/2022/MGU തീയതി. 11.07.2022- ൽ പ്രതിപാദിച്ചിട്ടുള്ള ഗ്രേസ് മാർക്ക് ആനുകൂല്യങ്ങൾ, 2018 അഡ്മിഷൻ മുതലുള്ള ഭിന്നശേഷി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾ ആവശ്യപ്പെടുന്ന പക്ഷം 2020 അക്കാദമിക് വർഷം മുതൽ അനുവദിക്കാവുന്നതാണ്. ടി വിദ്യാർത്ഥികൾക്ക് റീ ഡിസ്ട്രിബ്യൂഷനും അനുവദിക്കാവുന്നതാണ്.
- 26.08.2020 ൽ കൂടിയ സിന്റിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നമ്പർ 190/20.04/DDFS-22501/2019 ആയ തീരുമാനത്തിന്റെ വെളിച്ചത്തിൽ, 2016-2018 ബാച്ച് പ്രൈവറ്റ് രജിസ്ട്രേഷൻ എം.എ ഹിസ്റ്ററി വിദ്യാർത്ഥിനിയും Orthopedically handicapped by Cerebral Palsy with Spastic Quadriparesis എന്ന ഭിന്നശേഷിയുമുള്ള ദിവ്യ രാജ് എന്ന വിദ്യാർത്ഥിനിയ്ക്ക് ഗ്രേസ് മാർക്ക് അനുവദിച്ചിരുന്നു. ആയതിന്റെ തോത് നിശ്ചയിക്കുന്നതിനാണ് U.O. No. EH 8(MA)/2023/MGU DATED,13.02.2023 പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നത്. ആയതു പ്രകാരം **" ദിവ്യ രാജ് എന്ന വിദ്യാർത്ഥിനിയ്ക്ക് 20% ഗ്രേസ് മാർക്ക് നൽകാൻ ശുപാർശ ചെയ്യുന്നു".**

ബഹു: വൈസ് ചാൻസലറുടെ 30.03.2023 തീയതിയിലെ ഉത്തരവ് പ്രകാരം ടി ശിപാർശകൾ സിൻഡിക്കേറ്റിന്റെ പരിഗണനക്കായി സമർപ്പിച്ചു.

28.04.2023 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് സ്റ്റാൻഡിങ് കമ്മിറ്റി - എക്സാമിനേഷൻ പരാമർശം (5) പ്രകാരം സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് വകുപ്പ് മേധാവിയായ പ്രൊഫ. (ഡോ.) പി റ്റി ബാബുരാജ് സമർപ്പിച്ച റിപ്പോർട്ട് അംഗീകരിക്കുന്നതിനും നടപ്പിലാക്കുന്നതിനും ശുപാർശ ചെയ്തു. ടി ശുപാർശ ബഹു: വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവ്വകലാശാലാ ആക്ട്, 1985, അദ്ധ്യായം 3, വകുപ്പ് 10 (17) പ്രകാരം അംഗീകരിച്ചു.

പരാമർശം (1) പ്രകാരമുള്ള സർവ്വകലാശാല ഉത്തരവ് ഇപ്രകാരം പരിഷ്ക്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

അനിൽകുമാർ ജെ

അസിസ്റ്റന്റ് രജിസ്ട്രാർ 3 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ഭിന്നശേഷിക്കാർക്കായുള്ള സംസ്ഥാന കമ്മീഷണറേറ്റ്
2. പ്രിൻസിപ്പാൾ, അഫിലിയേറ്റഡ് കോളേജുകൾ
3. സർവ്വകലാശാലാ പഠന വകുപ്പ് മേധാവികൾ
4. വി സി, പി വി സി മാരുടെ പി എസ് മാർ
5. രജിസ്ട്രാർ/എഫ് ഒ/സി ഇ എന്നിവരുടെ പി എ മാർ
6. എ ആർ / ഡി ആർ / ജെ ആർ (അക്കാദമിക്/ പരീക്ഷാ വിഭാഗങ്ങൾ)
7. അക്കാദമിക്/ പരീക്ഷാ വിഭാഗങ്ങളിലെ വിവിധ സെക്ഷനുകൾ
8. എസി സി 1 / IQAC
9. ഡയറക്ടർ, ഐ ടി സെൽ, ഐ ടി സെൽ 1&2
10. റെക്കോർഡ്സ്/ സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി

ഉള്ളടക്കം

1. Letter of Undertaking for using own scribe.
2. Undertaking for using hearing aid.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #18 of File 1064/AC A1/2/2019/REG SECT Approved by ASSISTANT REGISTRAR III (ACADEMIC) on 19-May-2023 02:01 PM - Page 9

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #18 of File 1064/AC A1/2/2019/REG SECT Approved by ASSISTANT REGISTRAR III (ACADEMIC) on 19-May-2023 02:01 PM - Page 10

7/7

**APPENDIX- II**

## Letter of Undertaking for Using Own Scribe

I ____________________, a candidate with __________ (name of the disability) appearing for the ______________ (name of the examination) bearing Roll No. ______________ at ________________ (name of the centre) in the District ____________________, ______________ (name of the State). My qualification is ____________.

I do hereby state that ________________ (name of the scribe) will provide the service of scribe/reader/lab assistant for the undersigned for taking the aforesaid examination.

I do hereby undertake that his qualification is ______________. In case, subsequently it is found that his qualification is not as declared by the undersigned and is beyond my qualification, I shall forfeit my right to the post and claims relating thereto.

(Signature of the candidate with Disability)

Place:

Date:



7H

Draft #18 of File 1064/AC A1/2/2019/REG SECT Approved by ASSISTANT REGISTRAR III (ACADEMIC) on 19-May-2023 02:01 PM - Page 11

മലയാളസർവ്വകലാശാല, കേരളം

**UNDERTAKING FOR USING HEARING AID**

I,............................................................,
do hereby state that my hearing impairment is .....................% as per the medical certificate issued by ........................................................................................................................ .
As the impairment is of permanent nature, the use of hearing aid is essential in all examinations. I assure that I will not use the device for any unfair means during the examinations and if found otherwise, University may forfeit my rights and claims thereof.

Place :

Date :

Your's faithfully,

(Signature)

Name and Address of the candidate